# 8. പരിഹസിക്കരുത്

നാം ആരെയും കളിയാക്കരുത്. ചിലപ്പോൾ അവർ
നമ്മെക്കാൾ നല്ലവരും ഉയർന്നവരുമൊക്കെ ആയേക്കാം.
ഒരാളെ കളിയാക്കുന്നത് അയാളെ നശിപ്പിക്കുന്നതിന് തുല്യമാണ്.



കേശുസിംഹത്തിൻെറ രാജസദസ്സിലെ ഗായകനായിരുന്നു രംഭൻകുയിൽ. അവൻ പാടുന്നതു പോലെ കാട്ടിൽ ആർ ക്കും പാടാൻ സാധിച്ചിരുന്നില്ല. സിംഹത്തിന് അവനെ വലിയ കാര്യമായിരുന്നു.

സിംഹത്തിൻെറ പ്രധാനമന്ത്രി ചന്തുക്കുറുക്കന് കുയിലിനോട് വലിയ ദേഷ്യമായിരുന്നു. അവൻ കുയിലിനെപ്പറ്റി സിംഹത്തോട് എപ്പോഴും ആവലാതി പറയുമായിരുന്നു.

ഒരു ദിവസം കുറുക്കൻ പറഞ്ഞു: "തിരുമനസ്സേ, കുയിലിനെക്കാളും നന്നായി പാടുന്ന ധാരാളം പാട്ടുകാരുണ്ട് ഈ കാട്ടിൽ. ഒരു സംഗീതമത്സരം സംഘടിപ്പിച്ചാൽ തീർച്ചയായും കുയിൽ തോറ്റുപോകും. നമുക്ക് പുതിയ ഒരു ഗായകനെ കിട്ടുകയും ചെയ്യും."

രാജാവ് അത് സമ്മതിച്ചു. കുറുക്കൻ കാട്ടിൽ മുഴുവൻ സംഗീതമത്സരത്തെപ്പറ്റി വിളംബരം ചെയ്തു.

മത്സരദിവസം എല്ലാ പക്ഷികളും മൃഗങ്ങളും സദസ്സിലെത്തി. ഓരോരുത്തരും അവനവൻെറ ഊഴമനുസരിച്ച് പാട്ടുപാടി. എല്ലാവരും കൈയടിച്ചു ഗായകരെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. കഴുത മാത്രം എല്ലാ ഗായകരെയും കൂവി പരിഹസിച്ചു. "ഇതാണോ പാട്ട്? ഇതിലും നന്നായി ഞാൻ പാടുമല്ലോ" എന്നവൻ വീമ്പിളക്കി.

കുയിൽ സദസ്സിൽ ഉണ്ടായിരുന്നെങ്കിലും അവൻ മത്സരത്തിൽ പങ്കെടുത്തില്ല. അത് കുറുക്കനെ വല്ലാതെ ചൊടിപ്പിച്ചു. കുയിലിനെ ഏതെങ്കിലും വിധത്തിൽ മത്സരത്തിൽ പങ്കെടുപ്പിക്കണമെന്ന് അവൻ സിംഹത്തിനോട് പറഞ്ഞു.

സിംഹം കുയിലിനെ വിളിച്ചു. കുയിൽ രാജാവിൻെറ മുമ്പിൽ വണങ്ങി നിന്നിട്ടു പറഞ്ഞു:

"ക്ഷമിക്കണം പ്രഭോ, അടിയന് മാത്രമല്ല പാടാനുള്ള കഴിവുള്ളത്. ദൈവം എല്ലാവർക്കും ഓരോ വിധത്തിലുള്ള കഴിവ് നല്കിയിട്ടുണ്ട്. അടിയനല്ലാത്ത ഗായകരും ഇവിടെയുണ്ട്. അതിനാൽ മത്സരത്തിൽ ഒന്നാം സമ്മാനം ലഭിക്കുന്നയാളെ അവിടന്ന് ആസ്ഥാനഗായകനായി നിശ്ചയിക്കാൻ തിരുമസ്സുണ്ടാകണം."

ഇത്രയും പറഞ്ഞ് കുയിൽ സ്ഥലം വിട്ടു. കുയിലിൻെറ വിനയം സിംഹത്തിന് വളരെ ഇഷ്ടപ്പെട്ടു. കുയിലിനെയല്ലാതെ മറ്റാരെയും രാജസദസ്സിൽ പാടിപ്പിക്കുകയില്ല എന്ന് സിംഹം മനസ്സിൽ ഉറപ്പിച്ചു. നല്ല ഗായകരും അവിടെ ഉണ്ടായിരുന്നില്ല.

"എല്ലാവരും പാടിയോ? ആ കഴുതക്ക് ഒരു അവസരം കൊടുക്കണം." സിംഹം കല്പിച്ചു.

പാടാനുള്ള സിംഹത്തിൻെറ വിളി കേട്ട് കഴുത വിറക്കാൻ തുടങ്ങി. ഇതിന് മുമ്പ് എന്തെങ്കിലും ഒരു വരി അവൻ മൂളിയിട്ടുപോലുമുണ്ടായിരുന്നില്ല.

പാടാനായി കറുക്കൻ കഴുതയെ നിർബന്ധിച്ചു അതുകണ്ട് സദസ്സ്യരും നിർബന്ധിച്ചു തുടങ്ങി. രക്ഷയില്ലെന്നായപ്പോൾ ഒരുവിധം ധൈര്യം സംഭരിച്ച് കഴുത സദസ്സിലേക്ക് ചെന്നു. രാജാവിനെ വണങ്ങി സർവ ശക്തിയുമെടുത്ത് അവൻ പാടാൻ തുടങ്ങി.



കഴുതയുടെ അലർച്ച കേട്ട് മൃഗങ്ങളൊക്കെ ചിരിതുടങ്ങി. കുറുക്കൻ മെല്ലെ സ്ഥലം വിട്ടു. പക്ഷികൾ പറന്നകന്നു. ദേഷ്യം വന്ന സിംഹം കഴുതയെ ഒറ്റയടി. തല തകർന്ന കഴുത അവിടെ ചത്തു വീണു.

*ഓരോരുത്തരും അവനവൻെറ കഴിവ് തിരിച്ചറിഞ്ഞുവേണം പ്രവർത്തിക്കുവാൻ. മറ്റുള്ളവരുടെ കഴിവിനെ നാം പരിഹസിക്കരുത്. അത് നാശകാരണമാകുന്നു.*